^

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം : T2378 — 08.05.2017 ലെ മറുപടിക്ക്

## ലൈബ്രറികൾ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു: -<br>1 സംസ്ഥാനത്തെ വിവിധ ജില്ലാ - താലൂക്ക് ലൈബ്രറികളിൽ കെൽട്രോണിന്റെ സഹായത്തോടെ RFID സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.<br>2 ഗ്രന്ഥശാലകളെ ഓൺലൈൻ സംവിധാനം മുഖേന ബന്ധിപ്പിക്കുക, ഗ്രന്ഥശാലകളുടെ സേവനം സാർവത്രികമാക്കുക, ലൈബ്രേറിയന്മാർക്ക് പരിശീലനം നൽകുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ 600 ലൈബ്രറികളിൽ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ മൂന്ന് ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത 100 ലൈബ്രേറിയന്മാർക്ക് പരിശീലനം പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ മുഴുവൻ ലൈബ്രേറിയന്മാർക്കും പരിശീലനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.<br>3 അംഗ ഗ്രന്ഥശാലകളിലെ മുഴുവൻ ലൈബ്രേറിയന്മാർക്കും ലൈബ്രറിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അവഗാഹം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോഴ്സുകളും പരിശീലന പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.<br>4 സർക്കാരിന്റെ ഇൻഫർമേഷൻ സെന്ററായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ ഇവയിൽ ഓരോന്നിലും ഇ-വിജ്ഞാന സേവന കേന്ദ്രം ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.<br>5 ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ നവമാധ്യമങ്ങളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഇതിൽ |

...2)

ലൈബ്രേറിയന്മാർക്ക് പരിശീലനം നൽകുന്നതിനുമായാണ് നവമാധ്യമ കൂട്ടായ്മ പരിശീലനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

6 ജില്ലയിലെ ലൈബ്രറി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ജില്ലാ ലൈബ്രറി കൗൺസിലുകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നു. ലൈബ്രറികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്ന പദ്ധതികൾ - കമ്പ്യൂട്ടർ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഫർണിച്ചറുകൾ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ തുടങ്ങിയവയ്ക്കും സെമിനാറുകൾ, സർഗോത്സവങ്ങൾ, ബാലോത്സവങ്ങൾ, വായനാമത്സരങ്ങൾ, സാംസ്കാരിക ജാഥകൾ, പരിശീലന പരിപാടികൾ മുതലായവയ്ക്കും ധന സഹായം നൽകി വരുന്നു.

7 അറിവിന്റെയും, വായനയുടെയും ലോകത്ത് സഞ്ചരിക്കുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക എന്ന പ്രഥമ ലക്ഷ്യത്തോടെയുള്ളതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വായനോത്സവം

8 പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയോടെ കേരളത്തിലെ ഓരോ താലൂക്കുകളിലും തെരഞ്ഞെടുത്ത ഓരോ ലൈബ്രറിയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയതാണ് താലൂക്ക് റഫറൻസ് ലൈബ്രറി സ്കീം.

9 25, 50, 60, 75, 100, 125 വർഷം പൂർത്തീകരിക്കുന്ന ഗ്രന്ഥശാലകൾക്ക് ജൂബിലി ആഘോഷം സംഘടിപ്പിക്കുന്നതിന് പരിപാടിയുടെ വൈപുല്യം പരിഗണിച്ച് പരമാവധി 10,000, 15,000, 20,000, 25,000, 30,000, 50,000 രൂപ ക്രമത്തിൽ ജൂബിലി ഗ്രാന്റ് അനുവദിക്കുന്നതാണ്.

10 കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജാ റാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷൻ മാച്ചിംഗ് സ്കീം പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗ്രന്ഥശാലകളുടെ വികസന പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ വിഹിതമായി രാജാ റാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷനിൽ അടയ്ക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

11 തീപിടുത്തം, പ്രകൃതിക്ഷോഭം, അക്രമം തുടങ്ങിയവ മൂലം നാശനഷ്ടം സംഭവിക്കുന്ന ഗ്രന്ഥശാലകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു.

...3)

12 ഭൗതിക സാഹചര്യങ്ങൾ നിലനിൽക്കുന്നതും പ്രവർത്തനം നിലച്ച് കുറഞ്ഞത് അഞ്ചു വർഷമെങ്കിലുമായതും സ്വന്തം സ്ഥലവും കെട്ടിടമുള്ളതുമായ ഗ്രന്ഥശാലകളെ പുനരുദ്ധരിക്കും..

13 സംസ്ഥാനത്തെ ട്രൈബൽ മേഖലകളിലെ ഗ്രന്ഥശാലകൾക്ക് അഫിലിയേഷന് ആവശ്യമായ പുസ്തകങ്ങളും അത്യാവശ്യം ഫർണിച്ചറും വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ്.

14 സംസ്ഥാനത്തെ 75 താലൂക്കുകളിലും അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് തൊഴിൽ നേടുന്നതിന് സഹായകരമായ പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കരിയർ ഗൈഡൻസ് സെന്ററുകൾ നടത്തി വരുന്നു.

15 കുട്ടികളെയും, വിദ്യാർത്ഥികളെയും ഗ്രന്ഥശാലകളിൽ സജീവമാക്കുന്നതിനായി ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ബാലവേദി.

16 സാമൂഹിക - സാംസ്കാരിക ജീവിതത്തിന്റെ നേതൃത്വത്തിലേയ്ക്ക് സ്ത്രീകളെ കൊണ്ടുവരുന്നതോടൊപ്പം ഗ്രന്ഥശാലാ പ്രവർത്തനത്തിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാവേദി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

17 കമ്പ്യൂട്ടർ സംവിധാനമുള്ള ലൈബ്രറികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്മാർട്ട് ഇ – റീഡിംഗ് റൂമുകളാക്കുന്നു.

18 തൃശ്ശൂർ ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസ് മന്ദിരത്തിൽ ആരംഭിച്ച കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറി ആധുനിക സംവിധാനത്തോടെ പ്രവർത്തിക്കുന്നു.

19 ഗ്രന്ഥശാലാ പ്രവർത്തനത്തിൽ വാർഷികാഘോഷ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രന്ഥശാലാ വാർഷികാഘോഷ ഗ്രാന്റ് നൽകി വരുന്നു.

20 ഓരോ ലൈബ്രറിയും വൈദ്യുതിയുടെ ഉപയോഗത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി അനർട്ടുമായി സഹകരിച്ച് സൗരോർജ്ജം പദ്ധതിയ്ക്ക് തുടക്കമിടുന്നു. ജില്ലാ - താലൂക്ക് ലൈബ്രറികളിലും മറ്റ് 14 ലൈബ്രറികളിലും 50 ലൈബ്രറികളിലും ഈ വർഷം സൗരോർജ്ജം പദ്ധതി നടപ്പിലാക്കുന്നതാണ്.

| | |
|---|---|
| (ബി) വൈ-ഫൈ സംവിധാനവും മറ്റ് ഡിജിറ്റൽ സംവിധാനങ്ങളും | (ബി) വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് 950 ലൈബ്രറികളെയും, ഡിജിറ്റൽ സംവിധാനങ്ങൾ |

...4)

ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്ത് ആകെ എത്ര ലൈബ്രറികളെ തെരെഞ്ഞെടുത്തിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ലൈബ്രറികളെയാണ് ഇതിനായി തെരെഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കമോ?

ഏർപ്പെടുത്തുന്നതിന് 1300 ലൈബ്രറികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 65 ലൈബ്രറികളെ വൈ-ഫൈ സംവിധാനത്തിനും 97 എ ഗ്രേഡ് ലൈബ്രറികളെ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുന്നതിനുമായി തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത ഗ്രന്ഥശാലകളുടെ ലിസ്റ്റ് അനുബന്ധം 1 ഉം 2-ഉം ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

[illegible] ലഭ്യമാണ്